**തിരുവനന്തപുരം ജില്ലയിലെ റെയിൽവേ മേൽപ്പാലങ്ങൾ**

152 (1284) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് റെയിൽവേ മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) ആയതിൽ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (ജി.എ.ഡി) പൂർത്തിയാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, ഇടവ, കരമന, വെൺകുളം, പുന്നമൂട്, വെട്ട് റോഡ്, കണിയാപുരം, ബാലരാമപുരം, ക്ലേഗേറ്റ്, ശാർക്കര, മഞ്ചാടി മൂടി എന്നീ ആർ.ഒ.ബി. കളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യും കടയ്ക്കാവൂർ-മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ 570-ാം നമ്പർ എൽ.സി.-ക്കുപകരം വരുന്ന ആർ.ഒ.ബി.-യുടെ നിർമ്മാണം കെ.ആർ.ഡി.സി.എൽ.-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചിറയിൻകീഴ്, ഇടവ, കരമന ആർ.ഒ.ബി.-കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് (ജി.എ.ഡി.) അംഗീകാരം ദക്ഷിണ റെയിൽവേയിൽനിന്ന് ലഭ്യമായിട്ടുണ്ട്. കടയ്ക്കാവൂർ-മുരുക്കുംപുഴ സ്റ്റേഷനുകൾക്കിടയിൽ 570-ാം നമ്പർ എൽ.സി.-ക്ക് പകരം വരുന്ന ആർ.ഒ.ബി.-യുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രായിംഗ് (ജി.എ.ഡി.) അനുമതിക്കായി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം**

153 (1285) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ; എത്ര ശതമാനം വിദ്യാർത്ഥികളാണ് പുതുതായി പ്രവേശനം നേടിയതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എത്ര ക്ലാസ് മുറികളാണ് സ്മാർട്ട് ക്ലാസ്സുകളാക്കി മാറ്റിയതെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ വരെയുള്ള പൊതു വിദ്യാലയങ്ങളിൽ 2017-18-ൽ 31,513, 2018-19-ൽ 31,399, 2019-20-ൽ 31533 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2018-19 വർഷം പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ശതമാനം 2.4%-ഉം, 2018-19 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2019-20 വർഷം 2.45%-ഉം ആണ്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കികൊണ്ടിരിക്കുന്നത്. ആറ്റിങ്ങൽ മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ഹൈടെക്കാക്കിയ ക്ലാസ് മുറികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

154 (1286) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഘടനാപരമായ മാറ്റങ്ങൾ ശിപാർശ ചെയ്ത കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ കരടിന്മേൽ സംസ്ഥാന സർക്കാർ അതിന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുകയെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly